# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1393

04.12.2014 - ൽ
മറുപടിക്ക്

**ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ ഇടുമ്പ-കണ്ണവം റോഡ് പ്രവൃത്തികൾ കോടതി വ്യവഹാരത്തെത്തുടർന്ന് അനിശ്ചിതമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ബഹു. കേരളാ ഹൈക്കോടതി 02/02/2014-ൽ WA No.1912/ 2013 ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ SLPC No.19380/2014 ഫയൽ ചെയ്യുകയും 25/08/2014 ലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ 02.02.2014 ലെ വിധി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസ് ബഹു. സുപ്രീം കോടതിയുടെ സജീവ പരിഗണനയിലാണ്. 08.12.2014 ൽ ഈ കേസ് വീണ്ടും പരിഗണിക്കുന്നതാണ്. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കോടതി നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദീകരിക്കുമോ? | |
| (സി) കോടതി നടപടികൾ അനിശ്ചിതമായി നീണ്ടുപോകുന്നത് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസം ഉണ്ടാക്കു ന്നതിനാൽ അടിയന്തിര അറ്റകുറ്റപ്പണി- കൾക്കായി 25 ലക്ഷം രൂപ അനുവദിക്ക- ണമെന്നാവശ്യപ്പെട്ട് മട്ടന്നൂർ എം.എൽ.എ, ചീഫ് എഞ്ചിനീയർക്ക് നിവേദനം നൽകിയതെന്നാണ്? | (സി) & (ഡി) 21.08.2014 ന് ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക അറ്റകുറ്റ പണികൾക്കായി തയ്യാറാക്കിയിട്ടുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമം ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ഡി) പ്രസ്തുത നിവേദന പ്രകാരം സ്വീകരിച്ച നടപടി വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ